CyberSri
www.cybersri.org

<u>പ്രസിദ്ധീകരണത്തിന്</u> 03.02.2012

## <u>വോക്ക്-ഇൻ-ഇന്റർവ്യൂ</u>

സംസ്ഥാന പട്ടികജാതി–പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ സി–ഡിറ്റ് നടപ്പിലാക്കുന്ന ''സൈബർശ്രീ'' സെന്ററിൽ ന്യൂ മീഡിയ ടെക്നോളജീസ് പരിശീലനത്തിന് തിരുവനന്തപുരം ജില്ലയിലെ പട്ടികജാതിക്കാർക്ക് വോക്ക്-ഇൻ-ഇന്റർവ്യൂ നടത്തുന്നു. 06.02.2012–ന് (തിങ്കളാഴ്ച)രാവിലെ 10.00 ന് വഴുതക്കാടുള്ള സൈബർശ്രീ സെന്ററിൽവച്ചാണ് ഇന്റർവ്യൂ നടത്തുന്നത്. പ്രിന്റ് മീഡിയയിലും വെബ്ബ്ഡിസൈൻ ടെക്നോളജിയിലും തൊഴിൽ ലഭിക്കുന്നതിനാവശ്യമായ സോഫ്റ്റ്‌വെയർ പരിശീലനമാണ് നൽകുന്നത്.

നാലു മാസം ദൈർഘ്യമുള്ള പരിശീലനത്തിന് തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രതിമാസം 1000/– രൂപ സ്റ്റൈപന്റ് ലഭിക്കുന്നതാണ്. റെഗുലർ, ഈവനിംഗ്, അവധി ദിവസങ്ങളിൽ പ്രത്യേക ബാച്ച് എന്നിങ്ങനെയാണ് പരിശീലനം ക്രമപ്പെടുത്തിയിരിക്കുന്നത്. 2012 ഫെബ്രുവരി 8–ാംതീയതി പരിശീലനം ആരംഭിക്കും. ഏതെങ്കിലും വിഷയത്തിൽ **ബിരുദം, ഡിപ്ലോമ എന്നിവ പാസ്സായവർക്കും ഇഞ്ചിനീയറിംഗ് കോഴ്സ് പൂർത്തീകരിച്ചവർക്കും** അപേക്ഷിക്കാവുന്നതാണ്. പ്രായം 40 വയസ് കഴിയാൻ പാടില്ല.

വിദ്യാഭ്യാസ യോഗ്യത, ജാതി, വരുമാനം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ പകർപ്പ് സഹിതം സൈബർശ്രീ സെന്ററിൽ (ടി.സി.15/1903, ഗീതാഞ്ജലി അനക്സ്, വഴുതയ്ക്കാട്, തൈക്കാട് പി.ഒ, തിരുവനന്തപുരം–695014) ഹാജരാകേ താണ്. വിശദവിവരങ്ങൾ www.cybersri.org, www.cdit.org എന്നീ വെബ് സൈറ്റുകളിൽ നിന്നും ലഭ്യമാണ്.

**ഫോൺ :04712323949**

**എക്സിക്യൂട്ടീവ് ഓഫീസർ**
**സൈബർശ്രീ, സി–ഡിറ്റ്**